**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5020** **14-03-2023 - ൽ മറുപടിയ്ക്ക്**

**തീർത്ഥാടന ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങളിൽ തീർത്ഥാടന സഞ്ചാരികൾക്കായി അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട് . കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 'ശ്രീപത്മനാഭ- ആറന്മുള ആസ് എ സ്പരിചൽ സർക്യൂട്ട് ' എന്ന പദ്ധതി പൂർത്തീകരിച്ചു . ശബരിമല – എരുമേലി – പമ്പ – സന്നിധാനം ആസ് എ സ്പിരിച്ചൽ സർക്യൂട്ട് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പൈതൃക പദ്ധതികളിൽ ഉൾപ്പെടുത്തി പൈതൃക ആരാധനാലയങ്ങളുടെ സംരക്ഷണ പദ്ധതികളും നടപ്പാക്കുന്നു . ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം - അരുവിപ്പുറം കുന്നുംപാറ ശ്രീസുബ്രഹ്മണ്യ -ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം എന്ന സ്പിരിച്ചൽ സർക്യൂട്ടും കേന്ദ്ര ഗവൺമെന്റിന്റെ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു . |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന 3 പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് .<br>1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രയിൻ, മലയാറ്റൂർ (അണ്ടർ പ്രസാദ് സ്കീം ) – പദ്ധതി തുക 29.91 കോടി രൂപ<br>2. ചേരമൻ ജുമാ മസ്ജിദ് , കൊടുങ്ങല്ലൂർ, തൃശ്ശൂർ -പദ്ധതി തുക 4.29 കോടി രൂപ<br>3. ഡെവലപ്മെന്റ് ഓഫ് റിലീജിയസ് സെന്റേഴ്സ് അറ്റ് പെരുമ്പാവൂർ ഇൻ എണാകുളം ഡിസ്ട്രിക്ട് –പദ്ധതി തുക 7 കോടി രൂപ |

| | | | |
|---|---|---|---|
| (സി) | മുസ്ലീം, ക്രിസ്ത്യൻ, ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ